**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1604** **16-10-2026-ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2020-21 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

**മറുപടി:** കഞ്ചിക്കോട് ഗവ. എച്ച്.എസിലെ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളീബോൾ കോർട്ട്, ടോയ്‌ലറ്റ് ബ്ലോക്ക്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഗേറ്റ് & റീട്ടൈനിംഗ് വാൾ, ഡ്രെയിനേജ്, ഫ്ലെഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ റീട്ടൈനിംഗ് വാൾ, ഡ്രെയിനേജ്, ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്കിന്റെ സ്ട്രക്ച്ചറൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലവിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് സ്റ്റേഡിയം തുറന്ന് നൽകുവാൻ നിർദേശിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഡിയം എന്നത്തേക്ക് തുറന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**